## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 1111 02/05/2017-ൽ മറുപടിക്ക്

**കാരോട് ആർ .കെ .വി വൈ പദ്ധതിയിലെ അഴിമതിയും കൃഷിവകുപ്പിന്റെ അന്വേഷണവും**

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. ആൻസലൻ ശ്രീ. വി.എസ് .സുനിൽ കുമാർ

(ബഹു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വെൺകുളം, ആർ .കെ .വി വൈ പദ്ധതി പ്രകാരം നടത്തിയ നവീകരണ പ്രവർത്തനങ്ങളിലെ അഴിമതി സംബന്ധിച്ച് കൃഷി വകുപ്പിന്റെ വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ; | എ) | പൂർത്തിയായിട്ടുണ്ട് |
| (ബി) | വെൺകുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തി കർഷകർക്ക് ആവശ്യമായ ജലം എത്തിക്കുന്നതിന് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് (2016-2017) ഉപയോഗിക്കുന്നതിനു എന്തെങ്കിലും തടസം ഉണ്ടോ; | ബി) | ആർ .കെ .വി വൈ പദ്ധതിയുടെ നിയമാവലി പ്രകാരം ആർ .കെ .വി വൈ ഫണ്ട് ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുവാൻ അനുമതി ലഭിച്ച പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരിന്റെ മറ്റു ഫണ്ടുകളൊന്നും ഉപയോഗിക്കാൻ പാടില്ല |

| | | | |
|---|---|---|---|
| (സി) | വെൺകുളത്തിന്റെ പൂർണ്ണ തോതിലുള്ള നവീകരണ പ്രവർത്തനം നടത്തുന്നതിനു ആർ.കെ.വി.വൈ ഫണ്ടിലെ ബാലൻസ് തുക വിനിയോഗിക്കാൻ കഴിയുമോ ? | സി) | ആർ .കെ .വി വൈ പദ്ധതിയിൽ ഉൾപ്പെടുത്തി വെൺകുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപ കൃഷി വകുപ്പ് ഡയറക്ടർക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി നാളിതുവരെ 45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പുരോഗതിയുടെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് ഡയറക്ടർക്കു ശേഷിക്കുന്ന തുക ടി പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്കായി അനുവദിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ